പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2122 — 08.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശിക

ചോദ്യം — ശ്രീ.പി.കെ.ബഷീർ

ഉത്തരം — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ എസ് ഇ ബി യ്ക്ക് വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ എത്ര രൂപ ലഭിച്ചിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൽ.റ്റി വിഭാഗത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക തുകയായ 63,73,45,991/ രൂപയും, (അറുപത്തിമൂന്ന കോടി എഴുപത്തിമൂന്ന് ലക്ഷത്തി നാല്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്ന രൂപ മാത്രം). എച്ച്.റ്റി വിഭാഗത്തിൽ 151,52,67,898/- (നൂറ്റി അൻപത്തി ഒന്ന് കോടി അൻപത്തി രണ്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി എട്ട്) രൂപയും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ബാക്കി ലഭിക്കാനുള്ള കുടിശ്ശിക കൃത്യമായി പിരിച്ചെ-ടുക്കുന്നതിന് അടിയന്തര നട-പടികൾ സ്വീകരിക്കുമോയെ-ന്ന് വ്യക്തമാക്കാമോ? | (ബി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പൊസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കുവാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽക്കുകയും ചെയ്തു വരുന്നു. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.<br>സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ളവയ്ക്ക് നോട്ടീസുകൾ നൽകുകയും വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപന മേധാവികൾക്ക് കുടിശ്ശിക സംബന്ധിച്ചുള്ള കത്തുകൾ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ